ഇതിൽ ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ. എം.വി. ജയരാജൻ എന്നിവരുടെ രണ്ട് സബ്മിഷൻ ഇവിടെ വന്നിരുന്നു. അതും ആ പ്രമേയം കവർ ചെയ്തുകൊണ്ട് അതിന് പ്രസക്തിയില്ല..... ബഹളം.....

IV. സബ്മിഷൻ തുടർച്ച

(3) കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് നഗരത്തിൽ പന്നിയങ്കര റെയിൽവേ ഗേറ്റിന് ഓവർബ്രിഡ്ജ് പണിയണമെന്ന ആവശ്യം വളരെക്കാലമായി തദ്ദേശവാസികൾ ഉന്നയിച്ചുവരുന്നു. ഈ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വരികയും 625 ലക്ഷം രൂപക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പി.ഡബ്ല്യു.ഡി.തയ്യാറാക്കിയ അലൈൻമെന്റും റെയിൽവേ അപ്രൂവ് ചെയ്ത് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മിക്കേണ്ട സ്ഥലത്ത് സോയിൽ ടെസ്റ്റ് നടത്തി ഡീറ്റെയിൽഡ് എസ്റ്റിമേറ്റുണ്ടാക്കാനുള്ള നടപടികൾ വരെ എത്തിനിൽക്കുകയാണ്. നാലുവർഷമായി ഈ ആവശ്യം സഭയിൽ ഞാൻ ഉന്നയിക്കുകയാണ്. അടിയന്തിരമായി ഈ മേൽപ്പാലത്തിന്റെ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കോഴിക്കോട് പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിന് 27-5-99-ൽ സർക്കാരിൽ നിന്നും 625 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരും റെയിൽവേയും തമ്മിലുണ്ടാക്കിയ പ്രാഥമിക ധാരണപ്രകാരം പ്രസ്തുത പണിച്ചെലവു പങ്കിടൽ അടിസ്ഥാനത്തിലായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ നിലവിലുള്ള ലെവൽക്രോസ് ഡോപ്പോസിറ്റ് വർക്കായി പണിതിട്ടുള്ളതിനാൽ പകരം നിർമ്മിക്കുന്ന ഓവർബ്രിഡ്ജും ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളുവെന്ന് റെയിൽവേ പിന്നീട് അറിയിക്കുകയുണ്ടായി. നടപ്പുവർഷം 25 ലക്ഷം രൂപ പ്രസ്തുത പണിക്ക് വകയിരുത്തിയിട്ടുണ്ട്. റെയിൽവേയും സംസ്ഥാന മരാമത്തുവകുപ്പും സംയുക്തമായി സ്ഥലം പരിശോധിക്കുകയും അതിൻപ്രകാരം അലൈൻമെന്റ് പ്ലാൻ റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പണി ഡെപ്പോസിറ്റ് വർക്കായി മാത്രമേ ചെയ്യാൻ കഴിയുകയുള്ളു. എന്ന റെയിൽവേയുടെ നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. റെയിൽവേ എടുക്കുന്ന നിലപാട് എന്താണെന്ന് നോക്കാതെ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ആ വർക്കിന്റെ പണി ഏറ്റെടുക്കുന്നതാണ്. അതിൽ ഒരുകാര്യമേയുള്ളു. ഈ അലൈൻമെന്റ് പ്രകാരമുള്ള സ്ഥലം ലഭ്യമായിരിക്കണം. സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ ഏറ്റവും വേഗം വർക്ക് ടെണ്ടർചെയ്ത് പണികൾ ആരംഭിക്കുന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് നമ്മുടെ സഭയിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഞാൻ തർക്കിക്കാൻ പോകുന്നില്ല. ഇവിടെ റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് വന്നു. അതിനെത്തുടർന്ന് ഒരു റെസല്യൂഷൻ അഡോപ്റ്റ് ചെയ്തു. ചട്ടപ്രകാരം നമുക്കിതൊക്കെ ചെയ്യാൻ സാധിക്കും. വലരെ പ്രാധാ

LIBRARY ARCHIVES Kerala Legislative Assembly

ന്യമുള്ള സംഗതിയാണ്, സഭയിൽ എല്ലാവർക്കും യോജിപ്പുള്ളതാണ്, നമുക്കാർക്കും വിയോജിപ്പുള്ളതല്ല. ഇതിനകത്ത് ഒരു വിഷയമുണ്ട്. റെയിൽവേയുടെ കാര്യത്തെ സംബന്ധിച്ചാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞ കാര്യങ്ങൾ എല്ലാവർക്കും സ്വീകാര്യമാണ്. പക്ഷേ മറ്റുള്ള ആളുകൾക്കും ഇതേക്കുറിച്ച് സംസാരിക്കാൻ ഒരവസരം നൽകണമായിരുന്നു. അത് നമുക്കിന്നുതന്നെ ചർച്ച ചെയ്യാനും സാധിക്കുമായിരുന്നു. ഭാവിയിലെങ്കിലും ഇങ്ങനെയുള്ള വിഷയങ്ങൾ വരുമ്പോൾ ചട്ടങ്ങൾ അനുവദിക്കുന്ന സൗകര്യവും അവസരവുമുണ്ടാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അങ്ങ് ചട്ടപ്രകാരമുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അതിനോട് ചെയറിനു യോജിപ്പുണ്ട്. പക്ഷേ ചില പ്രത്യേക കാര്യങ്ങൾ വരുമ്പോൾ അതിന്റെ സ്വഭാവവും പ്രത്യേകതകളും അടിയന്തിരപ്രാധാന്യവുമൊക്കെ വച്ചുകൊണ്ട് ചില കാര്യങ്ങളിൽ ചിലതു തീരുമാനിക്കേണ്ടിവരും. അങ്ങനെ ഇതിനു മുമ്പും തീരുമാനിച്ചിട്ടുണ്ട്. റൂൾ 130 അനുസരിച്ച് ചർച്ച ചെയ്യാൻ പോയാൽ ദിവസങ്ങളെടുക്കും. ഇതൊന്നും തീരുമാനിക്കാൻ പറ്റില്ല. പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഇതെല്ലാം വച്ചുകൊണ്ട്, വളരെ പ്രാധാന്യമുള്ള വിഷയമെന്നുള്ള നിലയിലാണ് ഈ പ്രശ്നം വന്നത്. അതുകൊണ്ടാണ് അതിനോട് ചെയർ യോജിച്ചത്. പിന്നെ സഭയുടെ വികാരം - മുഖ്യമന്ത്രിക്കു വേണ്ടിയാണ് അദ്ദേഹം കൊണ്ടുവന്നതും അവതരിപ്പിച്ചതും, പ്രതിപക്ഷനേതാവ് അതിൽ വളരെ ഭംഗിയായി സംസാരിക്കുകയും ചെയ്തു. രണ്ടു ഭാഗവും വന്നു. പിന്നെ അതു കുറച്ചുകൂടി എക്സ്റ്റന്റ് ചെയ്തുപോകാൻ കഴിയുമായിരുന്നോ എന്ന് ഒരു സംശയം. അതിനു സാഹചര്യം നമ്മെ അനുവദിച്ചില്ല. നമുക്ക് കാര്യം നടക്കാനുള്ള ചട്ടങ്ങൾ മാത്രം നോക്കിയാൽ പോരല്ലോ?

ശ്രീ. ടി.എം. ജേക്കബ് : സർ, ചട്ടപ്രകാരമുള്ള റെസല്യൂഷൻ കാര്യമല്ല. പ്രശ്നങ്ങൾ സൃഷ്ടിക്കാനാണെങ്കിൽ സൃഷ്ടിക്കാം. അപ്പോൾ ചട്ടം സസ്പെന്റു ചെയ്യേണ്ടിവരും. നമ്മൾ അതിലോട്ടൊന്നും പോയില്ലല്ലോ? സ്ട്രിക്ടായി ഫോളോ ചെയ്യുകയാണെങ്കിൽ റൂൾ 300 പ്രകാരമുള്ള റെസല്യൂഷൻ പറ്റുകയില്ല. അതുതന്നെ ചെയ്യണമെങ്കിൽ ചട്ടം സസ്പെന്റു ചെയ്യേണ്ടിവരും. ഒരു മെമ്പർ ഒബ്ജക്ടു ചെയ്താൽ ആ നടപടികളിലേക്കു പോകേണ്ടിവരും. നമ്മളാരും അതിനു പോകുന്നില്ല. അങ്ങു പറഞ്ഞ വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടു തന്നെ പറയുകയാണ്, ഒരു വിയോജിപ്പും ഇക്കാര്യത്തിലില്ല. പക്ഷേ ഭാവിയിലെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾ പരിഗണനയിൽ വേണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : സബ്മിഷൻസ്

(4) മഞ്ചേശ്വരത്തെ ഉദ്യാവരത്തും ഹൊസങ്കടിയിലും ഓവർ ബ്രിഡ്ജുകളും ആരിക്കട്ടി കടവത്ത് അണ്ടർ ബ്രിഡ്ജും നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, മഞ്ചേശ്വരം മണ്ഡലത്തിലെ കടലോര മേഖലയിലെ മൂന്നു പഞ്ചായത്തുകളുടെ പ്രധാന കേന്ദ്രങ്ങളുൾക്കൊള്ളുന്ന തീരപ്രദേശങ്ങൾ ഇന്നു റെയിൽവേയുടെ കുരുക്കിലാണ്. മഞ്ചേശ്വരം പഞ്ചായത്തിലെ ഉദ്യാവരത്തും ഹൊസങ്കടിയിലും മംഗൽപ്പാടി പഞ്ചായത്തിലെ ഉപ്പളയിലും ഓവർ ബ്രിഡ്ജുകളും കുമ്പള പഞ്ചായത്തിലെ അരിക്കട്ടി കടവത്ത് അണ്ടർബ്രിഡ്ജും ഉടനെ നിർമ്മിച്ച് മത്സ്യത്തൊഴിലാളി മേഖലകളി

LIBRARY ARCHIVES Kerala Legislative Assembly